"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

കൃഷി വകുപ്പ് - നികുതിയേതര വരുമാന വർദ്ധനവ് - മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകപ്പ് മുഖേന നൽകുന്ന പുതിയ സേവനമായ "**Monolith collection, processing, mounting and display**" ന് ഫീസ് ഈടാക്കുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു .

---

കൃഷി ( പ്ലാനിംഗ് - ബി ) വകുപ്പ്

സ.ഉ.(സാധാ) നം.181/2025/AGRI തീയതി,തിരുവനന്തപുരം, 28-02-2025

---

പരാമർശം:-
1. 17/07/2024 തീയതിയിലെ സ.ഉ (അച്ചടി) നം. 55/2024/ ധന നമ്പർ ഉത്തരവ്.
2. മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ് ഡയറക്ടറുടെ 20/01/2025 തീയതിയിലെ SSSC/1675/2024- FIN 4 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

പരാമർശം സർക്കാർ ഉത്തരവ് പ്രകാരം ഓരോ വകുപ്പിലെയും നികുതിയേതര വരുമാനം വർധിപ്പിക്കുന്നതിനായി വിവിധ ഫീസുകൾ /ഫൈനുകൾ /സർവീസ് ചാർജുകൾ എന്നിവ കാലാനുസൃതമായി വർദ്ധനവ് വരുത്തുന്നതിന് അതാത് വകുപ്പുകളെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിച്ചു.

2) **Soil data in the form of maps (in pdf, shape files, kml format), reports, soil analysis services, Soil Museum amenities,** സംസ്ഥാന നീർത്തട വികസന പരിപാലന പരിശീലന കേന്ദ്രത്തിൽ നിന്നും നൽകുന്ന വിവിധ സേവനങ്ങളുടെ നിരക്കുകൾ എന്നീ ഇനങ്ങളിൽ ന്യായമായ നിരക്ക് /ഫീസ് ആണ് നിലവിൽ ഈടാക്കി വരുന്നത് എന്നും വകുപ്പ് മുഖേന നൽകുന്ന പുതിയ സേവനമായ "**Monolith collection, processing, mounting and display**" ന് **Rs. 75000/ monolith** എന്ന നിരക്കിൽ ഫീസ് ഈടാക്കുന്നതിന് അനുമതി നൽകണമെന്നു പരാമർശം(2) കത്ത് പ്രകാരം മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ് ഡയറക്ടർ ശിപാർശ സമർപ്പിച്ചു.

3) സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകപ്പ് മുഖേന നൽകുന്ന പുതിയ സേവനമായ "**Monolith collection, processing, mounting and display**" ന് **Rs. 75000/ monolith** എന്ന

നിരക്കിൽ ഫീസ് ഈടാക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ജാഫർഖാൻ.എസ്
അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ് ,തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൌണ്ടന്റ് ജനറൽ (ഓഡിറ്റ്/എ & ഇ ) കേരള , തിരുവനന്തപുരം.
ധനകാര്യ വകുപ്പ്.
ഐ & പി ആർ (വെബ് ന്യൂ മീഡിയ ) വകുപ്പ്.
കരുതൽ ഫയൽ / ഓഫീസ് കോപ്പി (PB2/14/2025/AGRI).

ഉത്തരവിൻ പ്രകാരം
Signed by
Nisha T K
Date: 28-02-2025 16:36:11
സെക്ഷൻ ഓഫീസർ